**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനായി സൃഷ്ടിക്കപ്പെട്ട സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരായ ജീവനക്കാർക്ക് പ്രസവാവധി അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ്**

സ.ഉ (കൈ) നം. 1/2022/ഉ.ഭ.പ.വ. തിരുവനന്തപുരം, തീയതി : 18.01.2022 .

==========================================================

പരാമർശം:-1. 24.05.1999 ലെ സ.ഉ(പി) നം. 12/99/ഉഭപവ.

2. 21.07.2014 ലെ സ.ഉ(കൈ)നം.22/2014/ഉഭപവ.

3. 04.09.2015 ലെ സ.ഉ(കൈ)നം.26/2015/ഉഭപവ.

4. 16.11.2020 ലെ സ.ഉ(കൈ)നം.13/2020/ഉഭപവ.

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാർ സർവ്വീസിൽ ജോലി ചെയ്തു വരവെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (1) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു.

2. ആശ്രിത നിയമന അപേക്ഷകളിന്മേൽ നിയമനം നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി, സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ സൃഷ്ടിക്കപ്പെട്ട സൂപ്പർന്യൂമററി തസ്തികകളിൽ നിയമിതരായവരുടെ സേവനവ്യവസ്ഥകൾ സംബന്ധിച്ച് പരാമർശം (2), (3) ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിരുന്നു.

3. സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരായവരുടെ സർവീസ് ക്രമീകരിക്കുന്ന മുറയ്ക്ക് മാത്രമേ ടി ജീവനക്കാർ സർവീസ് പ്രവേശിക്കപ്പെട്ടതായി കണക്കാക്കുകയുള്ളൂ എന്ന് പരാമർശം (2) പ്രകാരമുള്ള ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ ശമ്പള രഹിത അവധി കൂടാതെ വർഷത്തിൽ 20 (ഇരുപത്) ആകസ്മിക അവധിയും മാത്രമേ അനുവദിക്കുവാൻ കഴിയുവെന്ന് വ്യക്തത വരുത്തിക്കൊണ്ട് പരാമർശം (4) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു.

4. സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരായ വനിതാ ജീവനക്കാർക്ക് പ്രസവാവധി അനുവദിഅനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അപേക്ഷകൾ സർക്കാരിന് ലഭിച്ചിരുന്നു.

5. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരായ വനിതാ ജീവനക്കാർക്ക് ശമ്പളത്തോട് കൂടി 180 ദിവസം പ്രസവാവധി അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
Dr. ആഷ തോമസ് ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

നിയമം, ധനകാര്യം, ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ,കേരളം,എറണാകുളം/തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും,
എല്ലാ ജില്ലാ കളക്ടർമാർക്കും
ധനകാര്യ (വ്യയം എ) വകുപ്പ് (25.10.2021 ലെ U.O(R)Exp A3/271/2019-Fin പ്രകാരം)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വിപുലമായ പ്രചരണത്തിന്)
വെബ് & ന്യൂ മീഡിയ (സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ( ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ www.pard.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ